കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് -ളാലം ബ്ലോക്ക് പഞ്ചായത്ത്- വാഹനം വാങ്ങുന്നതിന് പുതുക്കി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:1330/2012/തസ്വഭവ തിരുവനന്തപുരം, തീയതി:15/5/2012**

---

**പരാമർശം:- 1. 14/12/11-ലെ സ.ഉ(സാധാ)നം.2958/11/തസ്വഭവ നമ്പർ ഉത്തരവ്.**

**2. ഗ്രാമവികസന കമ്മീഷണറുടെ 4/4/12-ലെ 5780/എസി & എഡി5/12/സിആർഡി നമ്പർ കത്ത്.**

## ഉത്തരവ്

**ളാലം ബ്ലോക്ക് പഞ്ചായത്ത് വക KL 5P-6952-ാം നമ്പർ വാഹനം കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)ക്ക് കൈമാറുന്നതിനും പകരം 6,00,000/- (ആറ് ലക്ഷം) രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉപയോഗത്തിനായി ഒരു പുതിയ വാഹനം വാങ്ങുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഇപ്രകാരം അനുമതി ലഭിച്ചത് ഫെബ്രുവരി 2011-ൽ തയ്യാറാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള 6 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണെന്നും അനുമതി ലഭിച്ചതിനു ശേഷം വാഹനത്തിന്റെ വിലയിൽ വർദ്ധനവുണ്ടായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് പുതുക്കുകയും തുക 7,25,000/- (ഏഴു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയായി വർദ്ധിപ്പിക്കുകയും ടി പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ളാലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉപയോഗത്തിനായി 6,00,000/- രൂപ (ആറു ലക്ഷം) ചെലവഴിച്ച് പുതിയ വാഹനം വാങ്ങുന്നതിന് പരാമർശം (1) പ്രകാരം നൽകിയ അനുമതി 7,25,000/- (ഏഴു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയായി ചെലവഴിക്കുന്നതിന് പുതുക്കി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**വി.ശോഭ**
**അഡീഷണൽ സെക്രട്ടറി**

1. **പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം**
2. **അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം**
3. **ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം**
4. **ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം**
5. **സെക്രട്ടറി, ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം**
6. **എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
7. **കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**